പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 4145

20.03.2018-ൽ

മറുപടിക്ക്

## പഞ്ചായത്തുകൾ പദ്ധതി വിഹിതം പരമാവധി വിനിയോഗിക്കുവാൻ നടപടി

ചോദ്യം

ശ്രീ.സണ്ണി ജോസഫ്

മറുപടി

ഡോ. കെ. ടി. ജലീൽ
(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

എ) 2017-18 സാമ്പത്തിക വർഷം പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ, മാർച്ച് 15 വരെ എന്ത് തുക വിനിയോഗിച്ചു;

എ) 2017-18 വർഷത്തെ പദ്ധതി ചെലവ്
(15.03.2018 തീയതിയിൽ)

| തദ്ദേശ സ്ഥാപനം | വിഹിതം | ചെലവ് തുക | % |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 3044.98 | 2102 .52 കോടി | 69.05 % |
| ജില്ലാ പഞ്ചായത്ത് | 792.50 | 376.11 കോടി | 47.46 % |

2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും 2018 മാർച്ച് 15 വരെ 52777.57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി വിഹിതത്തിന്റെ 66.60 ശതമാനമാണ്.

ബി) 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം പരമാവധി വിനിയോഗിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും 12 മാസങ്ങൾ ലഭിക്കുന്നതിനായി 2018 മാർച്ച് 31 നുള്ളിൽ 2018-19 വാർഷികപദ്ധതിക്ക് അംഗീകാരം നേടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തദ്ദേശ സ്ഥാപനങ്ങൾ ഇതിനകം പദ്ധതി അംഗീകാരം നേടിയിട്ടുമുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ഇത് സഹായിക്കും.

സെക്ഷൻ ഓഫീസർ